**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 94** **12-01-2021 - ൽ മറുപടിയ്ക്ക്**

**'പുതിയ കാലം പുതിയ പോലീസ്"**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എ . പ്രദീപ് കുമാർ ,<br>ശ്രീ ഐ. ബി. സതീഷ് ,<br>ശ്രീ. വി. അബ്ദുറഹിമാൻ,<br>ശ്രീ . കെ .ഡി .പ്രസേനൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് ക്രമസമാധാന പരിപാലന രംഗത്ത് നടപ്പിലാക്കിയ നൂതന സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | 1) സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലേക്കും എസ്.എച്ച്.ഒ. മാരായി പോലീസ് ഇൻസ്പെക്ടർമാരെ നിയമിച്ചിട്ടുണ്ട്. 2) രണ്ടോ അതിലധികമോ എസ്.ഐ.മാർ ഉള്ള എല്ലാ പോലീസ് സ്റ്റേഷനുകളിലും കുറ്റാന്വേഷണവും ക്രമസമാധാനപാലനവും രണ്ട് വിഭാഗങ്ങളാക്കി വേർതിരിച്ചിട്ടുണ്ട്. 3) പൊതുജനങ്ങൾക്ക് പരാതികൾ നൽകുന്നതിനായി ഏറെ ദൂരം സഞ്ചരിക്കേണ്ടി വരുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കുവാനും അവരുടെ പരാതികൾക്ക് അതിവേഗം നടപടികൾ സ്വീകരിക്കുന്നതിനും പ്രസ്തുത മേഖലയിലെ ക്രമസമാധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമായി 13 പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിച്ചു. 4) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും Emergency Response Support System (ERSS) സംവിധാനം ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി 112 എന്ന എമർജൻസി നമ്പരിലേയ്ക്ക് അടിയന്തിര സഹായത്തിനായി പൊതുജനങ്ങൾക്ക് പോലീസ് സഹായം ആവശ്യപ്പെടാവുന്നതും ഈ സംവിധാനം വഴി വളരെ വേഗവും കൃത്യവുമായ പോലീസ് സഹായം ഉറപ്പ് വരുത്തുവാനും സാധിക്കുന്നു. 5) കേരളാ പോലീസിന്റെ മൊബൈൽ ആപ്ലിക്കേഷനുകളായ രക്ഷ, സിറ്റിസൺ സേഫ്റ്റി, ഡയൽ-എ-കോപ്, ഇ-ഗ്രന്ഥ, സൈബർ ഗൈഡ്, Know your jurisdiction, THUNA തുടങ്ങിയ മൊബൈൽ ആപ്ലിക്കേഷനുകൾ ഏകോപിപ്പിച്ച് POL-APP പേരിൽ പൊതുജനങ്ങൾക്കായി നൽകിയിട്ടുണ്ട്. 6) പൊതുജന സഹകരണത്തോടെ പോലീസ് സേവനം ജനങ്ങൾക്ക് ലഭ്യമാക്കുക എന്ന ആശയത്തിന് ഊന്നൽ നൽകി നടപ്പിലാക്കിയ ജനമൈത്രി |

| | | | |
|---|---|---|---|
| | | | സുരക്ഷാ പദ്ധതി സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലേയ്ക്കും വ്യാപിപ്പിച്ചിട്ടുണ്ട്. 7) സംസ്ഥാന പോലീസ് സേനയുടെ ശാസ്ത്രീയ കുറ്റാന്വേഷണ സംവിധാനങ്ങളുടെ നവീകരണത്തിന്റെ ഭാഗമായി Modern Interrogation Room സ്ഥാപിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഓരോ Modern Interrogation Room സ്ഥാപിച്ചിട്ടുണ്ട്. 8) കുട്ടികളുടെ അശ്ലീല വീഡിയോകൾ ഇന്റർനെറ്റിൽ പ്രചരിപ്പിക്കുന്ന കുറ്റകൃത്യം തടയുന്നതിനും കുറ്റവാളികൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതിനും P-Hunt എന്ന രഹസ്യ കുറ്റാന്വേഷണ പ്രവർത്തനം പോലീസ് ആരംഭിച്ചിട്ടുണ്ട്. 9) സ്ത്രീകൾക്കും കുട്ടികൾക്കും നേരെ വർദ്ധിച്ചുവരുന്ന സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനായി നടപ്പിലാക്കി വരുന്ന പദ്ധതിയായ CCPWC പ്രോജക്റ്റിന്റെ ഭാഗമായി കേരള പോലീസ് അക്കാദമിയിൽ ഒരു സൈബർ ഫോറൻസിക് ലാബ് ഉൾപ്പെട്ട ട്രെയിനിംഗ് സെന്റർ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി പോലീസ് ഓഫീസർമാർ, പബ്ലിക് പ്രോസിക്യൂട്ടർമാർ, ജുഡീഷ്യൽ ഓഫീസർമാർ എന്നിവർക്ക് ട്രെയിനിംഗ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 10) പോലീസിന്റെ പ്രവർത്തനങ്ങളും അറിയിപ്പുകളും പൊതുജനങ്ങളിലേക്ക് വളരെ വേഗം എത്തിക്കുന്നതിനായി വിവിധ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ സംസ്ഥാന പോലീസ് ഉപയോഗിച്ചു വരുന്നുണ്ട്. |
| (ബി) | 'പുതിയ കാലം പുതിയ പോലീസ്' എന്ന ആശയം പ്രാവർത്തികമാക്കുന്നതിനായി പോലീസ് വകുപ്പിൽ ആവിഷ്കരിച്ച പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (ബി) | 1) സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലേക്കും എസ്.എച്ച്.ഒ. മാരായി പോലീസ് ഇൻസ്പെക്ടർമാരെ നിയമിച്ചിട്ടുണ്ട്. 2) രണ്ടോ അതിലധികമോ എസ്.ഐ.മാർ ഉള്ള എല്ലാ പോലീസ് സ്റ്റേഷനുകളിലും കുറ്റാന്വേഷണവും ക്രമസമാധാനപാലനവും രണ്ട് വിഭാഗങ്ങളാക്കി വേർതിരിച്ചിട്ടുണ്ട്. 3) പൊതുജനങ്ങൾക്ക് പരാതികൾ നൽകുന്നതിനായി ഏറെ ദൂരം സഞ്ചരിക്കേണ്ടി വരുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കുവാനും അവരുടെ പരാതികൾക്ക് അതിവേഗം നടപടികൾ സ്വീകരിക്കുന്നതിനും പ്രസ്തുത മേഖലയിലെ ക്രമസമാധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമായി 13 പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിച്ചു. 4) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും Emergency Response Support System (ERSS) സംവിധാനം ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി 112 എന്ന എമർജൻസി നമ്പരിലേയ്ക്ക് അടിയന്തിര സഹായത്തിനായി പൊതുജനങ്ങൾക്ക് പോലീസ് സഹായം |

| | | | |
|---|---|---|---|
| | | | ആവശ്യപ്പെടാവുന്നതും ഈ സംവിധാനം വഴി വളരെ വേഗവും കൃത്യവുമായ പോലീസ് സഹായം ഉറപ്പ് വരുത്തുവാനും സാധിക്കുന്നു. 5) കേരളാ പോലീസിന്റെ മൊബൈൽ ആപ്ലിക്കേഷനുകളായ രക്ഷ, സിറ്റിസൺ സേഫ്റ്റി, ഡയൽ-എ-കോപ്, ഇ-ഗ്രന്ഥ, സൈബർ ഗൈഡ്, Know your jurisdiction, THUNA തുടങ്ങിയ മൊബൈൽ ആപ്ലിക്കേഷനുകൾ ഏകോപിപ്പിച്ച് POL-APP പേരിൽ പൊതുജനങ്ങൾക്കായി നൽകിയിട്ടുണ്ട്. 6) പൊതുജന സഹകരണത്തോടെ പോലീസ് സേവനം ജനങ്ങൾക്ക് ലഭ്യമാക്കുക എന്ന ആശയത്തിന് ഊന്നൽ നൽകി നടപ്പിലാക്കിയ ജനമൈത്രി സുരക്ഷാ പദ്ധതി സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലേയ്ക്കും വ്യാപിപ്പിച്ചിട്ടുണ്ട്. 7) സംസ്ഥാന പോലീസ് സേനയുടെ ശാസ്ത്രീയ കുറ്റാന്വേഷണ സംവിധാനങ്ങളുടെ നവീകരണത്തിന്റെ ഭാഗമായി Modern Interrogation Room സ്ഥാപിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഓരോ Modern Interrogation Room സ്ഥാപിച്ചിട്ടുണ്ട്. 8) കുട്ടികളുടെ അശ്ലീല വീഡിയോകൾ ഇന്റർനെറ്റിൽ പ്രചരിപ്പിക്കുന്ന കുറ്റകൃത്യം തടയുന്നതിനും കുറ്റവാളികൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതിനും P-Hunt എന്ന രഹസ്യ കുറ്റാന്വേഷണ പ്രവർത്തനം പോലീസ് ആരംഭിച്ചിട്ടുണ്ട്. 9) സ്ത്രീകൾക്കും കുട്ടികൾക്കും നേരെ വർദ്ധിച്ചുവരുന്ന സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനായി നടപ്പിലാക്കി വരുന്ന പദ്ധതിയായ CCPWC പ്രോജക്ടിന്റെ ഭാഗമായി കേരള പോലീസ് അക്കാദമിയിൽ ഒരു സൈബർ ഫോറൻസിക് ലാബ് ഉൾപ്പെട്ട ട്രെയിനിംഗ് സെന്റർ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി പോലീസ് ഓഫീസർമാർ, പബ്ലിക് പ്രോസിക്യൂട്ടർമാർ, ജുഡീഷ്യൽ ഓഫീസർമാർ എന്നിവർക്ക് ട്രെയിനിംഗ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 10) പോലീസിന്റെ പ്രവർത്തനങ്ങളും അറിയിപ്പുകളും പൊതുജനങ്ങളിലേക്ക് വളരെ വേഗം എത്തിക്കുന്നതിനായി വിവിധ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ സംസ്ഥാന പോലീസ് ഉപയോഗിച്ചു വരുന്നുണ്ട്. |
| (സി) | പോലീസിന്റെ പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യവും ജനസൗഹൃദവുമാക്കുന്നതിന് ബ്ലോക്ക് ചെയിൻ സാങ്കേതിക വിദ്യ നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (സി) | ഇല്ല. |
| (ഡി) | ക്രമസമാധാന പരിപാലന രംഗത്തെ മികവ് പരിഗണിച്ച് ഇക്കാലയളവിൽ എന്തെല്ലാം | (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ക്രമസമാധാന പരിപാലന രംഗത്ത് ലഭിച്ച |

| | | | |
|---|---|---|---|
| | പുരസ്കാരങ്ങളാണ് പോലീസ് വകുപ്പിന് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | | അംഗീകാരങ്ങൾ ചുവടെ ചേർക്കുന്നു. 1) ക്രമസമാധാന പാലനത്തിനുള്ള ഇന്ത്യ ടുഡേ പുരസ്കാരം. 2) നാഷണൽ ക്രൈം റിക്കോർഡ്സ് ബ്യൂറോ റിപ്പോർട്ട് പ്രകാരം ഏറ്റവും കുറവ് വർഗീയ കലാപം നടന്ന സംസ്ഥാനം. 3) കേരളാ പോലീസിന്റെ ജനമൈത്രി സുരക്ഷാ പദ്ധതിക്ക് 'കോപ്സ് ടുഡെ ഇൻറർ നാഷണൽ' ഏർപ്പെടുത്തിയ പോലീസ് എക്സലൻസ് അവാർഡ്. 4) കേന്ദ്ര ആഭ്യന്തര മന്ത്രാലയം ഗവേഷണ പഠനത്തിന്റെ അടിസ്ഥാനത്തിൽ തിരഞ്ഞെടുത്ത രാജ്യത്തെ മികച്ച 10 പോലീസ് സ്റ്റേഷനുകളിൽ കണ്ണൂർ ജില്ലയിലെ വളപട്ടണം പോലീസ് സ്റ്റേഷനും ഉൾപ്പെടുന്നു. 5) കൊല്ലം സിറ്റിയിലെ പോലീസ് കാര്യാലയത്തിന് ISO 9001:2015 പദവിയും, ചവറ പോലീസ് സ്റ്റേഷന് 2020 ൽ ISO സർട്ടിഫിക്കറ്റും ലഭിച്ചു. 6) കൊല്ലം റൂറൽ പോലീസ് ജില്ലയിലെ ശാസ്താംകോട്ട പോലീസ് സ്റ്റേഷന് 19.9.2019-ൽ ISO 9001:2015 സർട്ടിഫിക്കറ്റ് ലഭിച്ചു. 7) തൃശ്ശൂർ സിറ്റി പോലീസ് ജില്ലയിലെ ഒല്ലൂർ പോലീസ് സ്റ്റേഷന് കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ ഏറ്റവും നല്ല പോലീസ് സ്റ്റേഷനുള്ള അവാർഡ് ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ